(ബി) ഉവ്വ്. ആദ്യമായി പോലീസ് റിക്രൂട്ട് ചെയ്യുമ്പോൾ മാത്രം.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഈ സബ്ബ് ഇൻസ്പെക്ടർ ആരാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: സദാശിവൻപിള്ള, നാഗർകോവിൽക്കാരനാണ്.

സ്ത്രീ പോലീസ്

*൯൨൫. (൧൯) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

(എ) തിരുവിതാംകൂർ-കൊച്ചിയിൽ ആകെ എത്ര സ്ത്രീ പോലീസ് ഉണ്ട്; അവർക്ക് മറ്റുള്ളവരിൽനിന്നും എന്തെല്ലാം ആനുകൂല്യങ്ങൾ ഗവണ്മെണ്ടിൽനിന്നും നൽകിവരുന്നുണ്ടെന്നു പറയുമോ;

(ബി) അവർക്ക് ഇന്നുള്ള വൈഷമ്യങ്ങളെപ്പറ്റി വല്ല നിവേദനങ്ങളും ഗവണ്മെണ്ടിനു ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചു എന്നു പറയുമോ;

(സി) ഇപ്പോൾ സ്ത്രീ പോലീസിനെ റിക്രൂട്ട് ചെയ്യുന്നുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൪൪. മറ്റുള്ളവരിൽനിന്നും പ്രത്യേകിച്ച് ആനുകൂല്യങ്ങൾ ഇവർക്ക് നല്കുന്നില്ല.

(ബി) ഇല്ല.

(സി) ഇല്ല.

ഡിപ്പാർട്ട്മെൻറൽ സംയോജനം

*൯൨൬. (൧൨) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഡിപ്പാർട്ട്മെൻറൽ സംയോജനംകൊണ്ടു തിരുവിതാംകൂർ–കൊച്ചി ഗവണ്മെണ്ടിന് എത്ര തുക ലാഭം വന്നിട്ടുണ്ടെന്നും, ഏതേതു ഡിപ്പാർട്ട്മെൻറിൽനിന്നും എന്തെന്തു തുകയെന്നും ദയവായി പറയുമോ;

(ബി) ശമ്പള പരിഷ്കാരം നടപ്പിൽ വരുത്തുവാൻ ഗവണ്മെണ്ടുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആ ഇനത്തിൽ എന്തു തുക അധികം ചെലവാകുമെന്നും ശമ്പളമിനത്തിൽ ഇപ്പോഴത്തെ ആകെ ചെലവ് എന്തെന്നും പറയുമോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഡിപ്പാർട്ടുമെൻറൽ സംയോജനംകൊണ്ടു ഗവണ്മെണ്ടിന് ഉദ്ദേശം ൪൦ ലക്ഷം ക. ലാഭമുണ്ട്. ഓരോ ഡിപ്പാർട്ടുമെൻറിലും ഇത്രയിത്ര തുക ലാഭമുണ്ടെന്നു താഴെ പറയുന്നു.

1. Insurance Department	..	700
2. P. W. D.	..	1,10,000
3. Co-operative Department	..	4,500
4. Electricity Department	..	86,200
5. Labour Department	..	15,000
6. Centralisation in the Public Relations Department of the Propaganda Sections of various Departments	..	23,700
7. Advancement of Backward Communities	..	16,000
8. Education Department	..	11,500

LIBRARY ARCHIVES Kerala Legislative Assembly